# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ബി.എ എൽ.എൽ.ബി ഡിഗ്രി കോഴ്സ്- 2012 മുതൽ 2015 വരെയുള്ള അഡ്മിഷൻ ബാച്ചുകൾക്ക് പുതിയതായി ഉൾപ്പെടുത്തിയ പൊളിറ്റിക്കൽ സയൻസ് പേപ്പറുകൾക്ക്-പേപ്പർ കോഡ് അനുവദിച്ച്- ഉത്തരവാകുന്നു.

**അക്കാദമിക് എ4 സെക്ഷൻ**

സ.ഉ.നം. 1076/എ4/2/2018/അക്കാദമിക് പിഡി ഹിൽസ്, തീയതി, 16/02/2018

വായിക്കുക: 1. 04.02.2017-ാം തീയതിയിലെ 711/ എ4/2017/Acad -ാം നമ്പർ സർവ്വകലാശാല ഉത്തരവ്

2. 31.01.2018-ാം തീയതിയിൽ ഡീൻ ഫാക്കൽറ്റി ഓഫ് ലാ സമർപ്പിച്ച കത്ത്

## ഉത്തരവ്

മുകളിൽ പരാമർശിച്ച (1)-ാം പേപ്പർ പ്രകാരം ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർദ്ദേശാനുസരണം ബി.എ.എൽ.എൽ.ബി കോഴ്സിന്റെ 2012 മുതൽ 2015 വരെയുള്ള അഡ്മിഷൻ ബാച്ചുകൾക്ക് സിലബസ് ഭേദഗതി ചെയ്യുന്നതിന്റെ ഭാഗമായി നാല് 'ലാ' പേപ്പറുകൾ ഒഴിവാക്കുകയും, പകരം പൊളിറ്റിക്കൽ സയൻസിന്റെ നാല് പേപ്പറുകൾ ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ പുതുയതായി ഉൽപ്പെടുത്തിയ പൊളിറ്റിക്കൽ സയൻസിന്റെ പേപ്പറുകൾക്ക് 'പേപ്പർ കോഡ്' എന്ത് നൽകണമെന്ന് വ്യക്തമാക്കിയിട്ടുണ്ടായിരുന്നില്ല. ഇക്കാര്യം പരിശോധിച്ച വൈസ് ചാൻസിലർ പൊളിറ്റിക്കൽ സയൻസ് പേപ്പറുകൾക്ക് കോഡ് നൽകുന്നത് സംബന്ധിച്ച വിഷയത്തിൻമേൽ ഡീൻ ഫാക്കൽറ്റി ഓഫ് ലായുടെ അഭിപ്രായം തേടാൻ ഉത്തരവായി.

ഈ വിഷയം ഉന്നയിച്ചു കൊണ്ട് അയച്ചു കൊടുത്ത കത്തിന് മറുപടിയായി മുകളിൽ പരാമർശിച്ച രണ്ടാം പേപ്പർ പ്രകാരം ലഭിച്ച ഡീൻ ഫാക്കൽറ്റി ഓഫ് ലായുടെ അഭിപ്രായമനുസരിച്ച്, ബി.എ.എൽ.എൽ.ബി യുടെ 2012 മുതൽ 2014 വരെയുള്ള അഡ്മിഷൻ ബാച്ചുകൾക്ക് പുതിയതായി ഉൾപ്പെടുത്തിയ പൊളിറ്റിക്കൽ സയൻസ് പേപ്പറുകൾക്ക് താഴെ പറയുന്ന പ്രകാരം പേപ്പർ കോഡുകൾ നൽകാമെന്നും, ആയത് സ്റ്റാൻഡ് എലോൺ ബാച്ചായ 2015 അഡ്മിഷൻ ബാച്ചിനും കൂടി ബാധകമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

| Paper code | Paper |
|---|---|
| FC 25 | Political Science I- Principles of Political Science |
| FC 26 | Political Science II- Indian Political System |
| FC 27 | Political Science III- Understanding Political Theory |
| FC 28 | Political Science IV- Introduction to International Relations |

ഇക്കാര്യം വിശദമായി പരിശോധിച്ച വൈസ് ചാൻസിലർ, വിഷയത്തിന്റെ അടിയന്തിര സ്വഭാവം പരിഗണിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല അദ്ധ്യായം -3 വകുപ്പ് 10(17) പ്രകാരം തന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് ഡീൻ ഫാക്കൽറ്റി ഓഫ് ലായുടെ ടി ശുപാർശ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീരാജ് ആർ
അസിസ്റ്റന്റ് രജിസ്ട്രാർ II (അക്കാദമിക്)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലറുടെ/പ്രോ വൈസ് ചാൻസലറുടെ പി. എസ് മാർ
2. രജിസ്ട്രാർ/പരീക്ഷാകൺട്രോളറുടെ പി എ മാർ
3. എ.ആർ/ഡി.ആർ/ജെ.ആർ (അക്കാദമിക്/പരീക്ഷാവിഭാഗം)
4. ഇ.ഐ 37 / ഇ.ബി 2 സെക്ഷനുകൾ
5. എസിസി/എസിഎൽ സെക്ഷനുകൾ
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. റെക്കോർഡ് സെക്ഷൻ/ഫയൽ കോപ്പി/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. ഇഐ37/എൽഎൽബി/2017